14-05-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/05/2023.

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം നടപ്പിലാക്കുന്ന സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിന് പായ്ക്ക് ഹൗസ്, പഴം പച്ചക്കറി മുതലായവ ശീതീകരണ സംവിധാനത്തോടുകൂടി ട്രാൻസ്പോർട്ട് ചെയ്യാനുതകുന്ന റീഫർ വാനുകൾക്ക് എന്നിവയക്കും ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെറുവിപണികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. വിശദ വിവരങ്ങൾക്കായി ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായോ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ 9383471782 എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

2. ആലപ്പുഴ ജില്ലയിൽ ചേർത്തലയിൽ ഈ മാസം 19 മുതൽ 28 വരെ നടത്തുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" പരിപാടിയോടനുബന്ധിച്ച് B2B (ബിസിനസ്സ് ടു ബിസിനസ്സ്) മീറ്റ് സംഘടിപ്പിക്കുന്നു. മെയ് 20 ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ആഡിറ്റോറിയത്തിൽ വെച്ച് നടത്തുന്ന ഉത്പാദക - സംരംഭക മീറ്റിൽ കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കാർഷിക മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ, കൃഷി കൃഷി അനുബന്ധ സൂക്ഷ്മ സംരംഭകർ, കൃഷി കൂട്ടങ്ങൾ തുടങ്ങിയവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് ഈ മീറ്റിൽ പങ്കെടുക്കാവുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ കാർഷിക ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കർഷക, കർഷക സംഘങ്ങളെ അവ സംഭരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരിചയപ്പെടുത്തി സ്ഥായിയായ ഒരു ഉത്പാദന - സംഭരണ പ്രക്രിയയ്ക്ക് വഴി തെളിക്കുകയാണ് പ്രധാന ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്കും ഗൂഗിൾ ഫോം ലിങ്കിനുമായി ആലപ്പുഴ ജില്ലയിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.

3. ഹോർട്ടികോർപ്പിന്റെ മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രത്തിൽ അത്യുൽപാദന ശേഷിയുള്ള കുള്ളൻ തെങ്ങിനങ്ങളായ മലയൻ പച്ച, മലയൻ ഓറഞ്ച്, മലയൻ മഞ്ഞ എന്നിവയുടെ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0479-2356695 എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷികസർവ്വകലാശാലയുടെ 2022 വർഷത്തെ ബിരുദദാനചടങ്ങ് ജൂൺ 3 ന് (03.06.2023 ശനിയാഴ്ച) നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 01.07.2021 മുതൽ 15.05.2023 വരെയുള്ള കാലയളവിൽ അന്തിമ ഫലം പ്രഖ്യാപിച്ച വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ചടങ്ങിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 15.05.2023. വിശദവിവരങ്ങൾക്ക് www.convocation.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ ഒന്നിന് 1 രൂപ എന്ന നിരക്കിൽ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില്പന സമയം 9 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ –**

തെങ്ങിനെ ബാധിക്കുന്ന ഒരു പ്രധാന രോഗമാണ് മണ്ട ചീയൽ. ഇതിനെ പ്രതിരോധിക്കാൻ കാലവർഷം തുടങ്ങുന്നതിനു മുൻപേ മുന്നൊരുക്കമായി തെങ്ങിൻ മണ്ട വൃത്തിയാക്കിയ ശേഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുകയോ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തെങ്ങിന്റെ കൂമ്പോലയിലും ചുറ്റുമുള്ള ഇലകവിളുകളിലും ഒഴിക്കുന്നത് മണ്ട ചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിന് സഹായിക്കും. ഓലചീയൽ തടയുന്നതിനായി ആവശ്യമെങ്കിൽ കോൺടാഫ് 3 മില്ലി 300 മില്ലി വെള്ളത്തിൽ കലക്കി നാമ്പിലൊഴിക്കുക. കൃഷിയിടത്തിൽ ശുചിത്വം പാലിക്കുന്നത് വഴി തെങ്ങിലെ കൊമ്പൻ ചെല്ലിയുടെ പ്രജനനം തടഞ്ഞു അവയെ നീയന്ത്രിക്കാവുന്നതാണ്. തെങ്ങിൻ മണ്ട വൃത്തിയാക്കിയ ശേഷം ഓലക്കവിളിൽ രാസകീടനാശിനിയായ കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 20 ഗ്രാം അല്ലെങ്കിൽ 0.3 ഗ്രാം ഫിപ്രോനിൽ 200 ഗ്രാം മണലുമായി ചേർത്തിളക്കി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മണ്ടയുടെ ഉൾഭാഗത്തുള്ള 2-3 മടലിൻ കവിൾ ഭാഗത്തു ഇട്ട് കൊടുക്കേണ്ടതാണ്. ചാണകകുഴികളിലും, കൊമ്പൻ ചെല്ലിയുടെ മറ്റു പ്രജനന സ്ഥലങ്ങളിലും മെറ്റാറൈസിയം ഉപയോഗിച്ചു പുഴുക്കളെ നീയന്ത്രിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം